# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5703 — 24.05.2017 — ൽ മറുപടിക്ക്

## റേഷൻ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എ. അഹമ്മദ് കബീർ : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) പിഴവുകൾ തീർത്ത് പുതുക്കിയ റേഷൻ കാർഡ് വിതരണം നടത്തുന്നതിന് ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടോ; | (എ) റേഷൻ ഗുണഭോക്താക്കൾ സ്വയം തയ്യാറാക്കിയ വിവര ശേഖരണ ഫോറങ്ങൾ സർക്കാർ വിശ്വാസത്തിലെടുത്ത് കരട് പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ നിരവധി അനർഹർ പട്ടികയിൽ ഉൾപ്പെടുകയും അർഹതപ്പെട്ടവർ ഒഴിവാക്കപ്പെടുകയും ചെയ്തു. നിശ്ചയിക്കപ്പെട്ട വെരിഫിക്കേഷൻ കമ്മറ്റികളും അപ്പീൽ കമ്മറ്റികളും സംസ്ഥാന വ്യാപകമായി ലഭിച്ച 16 ലക്ഷത്തോളം പരാതികൾ പരിശോധിച്ച് പട്ടിക പുനക്രമീകരിച്ചു. എന്നിട്ടും പരാതികൾ ഉയർന്നു വന്ന സാഹചര്യത്തിൽ ഗുണഭോക്താക്കൾ നൽകിയ വാസ്തവ വിരുദ്ധമായ വിവരങ്ങൾ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി ബോധ്യപ്പെട്ട് അനർഹരെ ഒഴിവാക്കുന്ന പ്രക്രിയ നടന്നു വരികയാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം പരിശോധന നടത്തി അനർഹരുടെയും അർഹരായവരിൽ ഒഴിവാക്കപ്പെട്ടവരുടെയും പരാതികൾ നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. മേൽ പറഞ്ഞ പരിശോധനകളുടെ അടിസ്ഥാനത്തിൽ പട്ടികയിൽ ഇനിയും മാറ്റം വരാൻ ഇടയുണ്ട്. അപ്രകാരം വരുന്ന മാറ്റങ്ങൾ അനുസരിച്ച് റേഷൻ കാർഡുകൾ പുനക്രമീകരണം നടത്തേണ്ടി വരും. അതുവരെ അനർഹരായവരെന്നു കണ്ടെത്തിയവരെ പ്രത്യേക സീൽ പതിപ്പിച്ച് റേഷൻ കാർഡുകൾ മുൻഗണനാ ഇതര വിഭാഗത്തിലേക്ക് മാറ്റി റേഷൻ നൽകുന്നതാണ്. |
| (ബി) അശാസ്ത്രീയമായ രീതിയിൽ കാർഡുകൾ തയ്യാറാക്കിയും വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയും തയ്യാറാക്കിയ കാർഡുകൾക്കായി ചെലവഴിച്ച തുക എത്രയാണ്; ഈ സാഹചര്യം സംജാതമാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) അശാസ്ത്രീയമായ രീതിയിൽ കാർഡുകൾ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ അധിക ചെലവ് ഉണ്ടായതായി കാണുന്നില്ല. |
| (സി) ഭക്ഷ്യഭദ്രതാനിയമം നടപ്പാക്കിയ കൊല്ലം ജില്ലയിൽ ഏപ്രിൽ മാസം തന്നെ മുഴുവൻ റേഷൻ കാർഡുകളും വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) റേഷൻ കാർഡുകളുടെ അച്ചടിയും ലാമിനേഷനും സ്റ്റാപ്ലിംഗും ജോലികൾ കഴിഞ്ഞ് കാർഡുകൾ ലഭ്യമാവുന്നതിനുണ്ടായ താമസം കാരണം ഏപ്രിലിൽ വിതരണം തുടങ്ങാൻ സാധിച്ചില്ല. ടി ജോലികൾ പൂർത്തിയാക്കി കൊല്ലം ജില്ലയിലെ റേഷൻ കാർഡ് വിതരണം 22.05.17 ന് ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ